## നീതീകരണത്തിന്റെ നിർവചനം

**I. ദൈവത്തിന്റെ നീതിയുടെ നിലവാരമനുസരിച്ച് നമ്മെ അംഗീകരിക്കുന്നതിലുള്ള അവന്റെ പ്രവൃത്തിയാണ് നീതീകരണം; വിശ്വാസികളുടെ നീതി തങ്ങളിൽത്തന്നെ അവർക്കുള്ള ഒരു അവസ്ഥയല്ല, മറിച്ച് അവർ ചേർന്നിരിക്കുന്ന ഒരു വ്യക്തിയായ, ജീവനുള്ള ക്രിസ്തു തന്നെയാണ്**

റോമ. 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

- നാം ക്രിസ്തുവിലേക്ക് വിശ്വസിക്കുമ്പോൾ, നാം ദൈവത്തിന്റെ ക്ഷമ സ്വീകരിക്കുകയും, ക്രിസ്തുവിനെ നമ്മുടെ നീതിയാക്കിക്കൊണ്ടും നമ്മുടെ നീതി വസ്ത്രമായ ക്രിസ്തുവിനെക്കൊണ്ട് നമ്മെ ധരിപ്പിച്ചുകൊണ്ടും ദൈവത്തിന് നമ്മെ നീതീകരിക്കുവാൻ കഴിയും
- ജീവനാണ് ദൈവത്തിന്റെ രക്ഷയുടെ ലക്ഷ്യം; അങ്ങനെ നീതീകരണം "ജീവനിൽ" നിന്നാണ്; നീതീകരണത്തിലൂടെ നാം ദൈവത്തിന്റെ നീതിയുടെ നിലവാരത്തിലേക്ക് വരുകയും, ഇപ്പോൾ അവന് തന്റെ ജീവൻ നമ്മിലേക്ക് പകരുവാൻ കഴിയത്തക്കവണ്ണം നാം അതിനോട് യോജിച്ചിരിക്കുകയും ചെയ്യുന്നു

## നീതീകരണത്തിന്റെ ഫലം

**II. നമ്മുടെ നീതീകരണത്തിന്റെ ഫലം നമ്മുടെ ജീവനായ ക്രിസ്തുവിലുള്ള പൂർണ ദൈവാസ്വാദനമാണ്**

- നമ്മുടെ നീതീകരണത്തിന്റെ ഫലം ആറ് മനോഹരമായ കാര്യങ്ങളിൽ—സ്നേഹത്തിലും (വാ. 5), കൃപയിലും (വാ. 2), സമാധാനത്തിലും (വാ. 1), പ്രത്യാശയിലും (വാ. 2), ജീവനിലും (വാ. 10), തേജസ്സിലും (വാ. 2)—നമ്മുടെ ആസ്വാദനത്തിനു വേണ്ടി ദേഹരൂപമെടുത്തിരിക്കുന്നു; ഈ വാക്യങ്ങൾ നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള ത്രിയേകദൈവത്തെയും—പരിശുദ്ധാത്മാവിനെയും (വാ. 5), ക്രിസ്തുവിനെയും (വാ. 6), ദൈവത്തെയും (വാ. 11)—വെളിപ്പെടുത്തുന്നു.
- ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ മരണത്തിലൂടെ, പാപികളായ നമ്മെ ദൈവം നീതീകരിക്കുകയും അവന്റെ ശത്രുക്കളായ നമ്മെ തന്നോടുതന്നെ നിരപ്പിക്കുകയും ചെയ്തു; കൂടാതെ, "ദൈവസ്നേഹം നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു"
    - നാം ദൈവം തന്നെയായ ദൈവസ്നേഹത്തിൽ നമ്മെ കാക്കേണ്ടതാവശ്യമാണ്
    - നാം നമ്മുടെ ആത്മാവിനെ തുടർച്ചയായി വ്യായാമം ചെയ്യുന്ന ശീലം വളർത്തിയെടുത്തുകൊണ്ട് നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കണം
- "നാം നില്ക്കുന്ന ഈ കൃപയിലേക്ക് അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുന്നു"; നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുകയും കൃപയുടെ മണ്ഡലത്തിൽ നിൽക്കുകയും ചെയ്യുന്നതിനാൽ, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്"
    - "ദൈവത്തോട്" സമാധാനം ഉണ്ടെന്നത് അർഥമാക്കുന്നത് വിശ്വാസത്താൽ നാം നീതീകരിക്കപ്പെട്ടിട്ട് ദൈവത്തിലേക്കുള്ള നമ്മുടെ യാത്ര ഇതുവരെ പൂർത്തിയായിട്ടില്ലെന്നും, നാം ഇപ്പോഴും ദൈവത്തിങ്കലേക്കുള്ള വഴിയിലാകുന്നു എന്നുമാണ്.
    - നീതീകരണത്തിന്റെ കവാടത്തിലൂടെ നാം ഒരിക്കൽ കടന്നുപോയാൽ, നാം സമാധാനത്തിന്റെ മാർഗത്തിൽ നടക്കേണ്ടതാവശ്യമാണ്

## ജീവ രേഖയിൽ തങ്ങിക്കൊണ്ട് ജീവനിൽ രക്ഷിക്കപ്പെടുവാനുള്ള മാർഗം—ദൈവത്തിൽ പ്രശംസിക്കുകയും ഉല്ലസിക്കുകയും ആസ്വദിക്കുകയും ചെയ്യുക

**III. കൃപയുടെ മണ്ഡലത്തിൽ, നമ്മുടെ ആസ്വാദനത്തിനും സന്തോഷത്തിനുംവേണ്ടി നമ്മുടെ പ്രശംസയും ആനന്ദവുമായി നമുക്ക് ദൈവമുണ്ട്; ദൈവത്തിൽ പ്രശംസിക്കുന്നത് "കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത അംഗീകാര്യതയെയും, അംഗീകാര്യത, പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട് നമ്മുടെ കഷ്ടങ്ങളിലും പ്രശംസിക്കുന്നതാണ്"**

- കഷ്ടത കൃപയുടെ ജഡാവതാരവും കൃപയുടെ മധുര സന്ദർശനവുമാണ്; കഷ്ടതയെ തിരസ്കരിക്കുന്നത് നമ്മുടെ ആസ്വാദനത്തിനുള്ള നമ്മുടെ പങ്കായ ദൈവമായ കൃപയെ തിരിസ്കരിക്കുന്നതാണ്; കൃപ പ്രധാനമായും നമ്മെ സന്ദർശിക്കുന്നത് കഷ്ടതയുടെ രൂപത്തിലാണ്
- കഷ്ടത സഹിഷ്ണുതയിൽ പരിണമിക്കുകയും, സഹിഷ്ണുത പരീക്ഷിക്കപ്പെട്ട സ്വഭാവവും അംഗീകരിക്കപ്പെട്ട മൂല്യവുമായ അംഗീകാര്യതയെ ഉളവാക്കുകയും ചെയ്യുന്നു
    - നമ്മുടെ വിശ്വാസത്തിന്റെ പരിശോധന, പരിശോധനകളുടെയും കഷ്ടങ്ങളുടെയും "തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതാകുന്നു"; എല്ലാവർക്കും എളുപ്പത്തിൽ അംഗീകരിക്കാവുന്ന ഒരു ഗുണം നേടുന്നു
    - ക്രിസ്തു തന്നെയായ യഥാർഥ സ്വർണത്തിൽ നാം പങ്കുചേരത്തക്കവണ്ണം സ്വർണ്ണ വിശ്വാസമായി അവനെ നേടുന്നതിന് അഗ്നിശോധനകളിലൂടെ നാം വില നൽകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു
    - "കർത്താവേ, എനിക്ക് അംഗീകാര്യത നൽകണമേ" എന്ന് നാം എല്ലാവരും പ്രാർഥിക്കണം
- അംഗീകാര്യതയോടൊപ്പം, നമുക്ക് പ്രത്യാശ ഉണ്ടായിരിക്കുകയും, ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം നാം പ്രശംസിക്കുകയും ചെയ്യുന്നു
    - അവന്റെ അനേകം പുത്രന്മാരായ നമ്മെ ദിവസവും ശുദ്ധീകരിച്ചുകൊണ്ട് കർത്താവ് നമ്മെ തേജസ്സിലേക്ക് നയിക്കുന്നു; യേശുക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സ് കാണുന്നതിന് നമ്മുടെ ഹൃദയങ്ങളെ കർത്താവിലേക്ക് തിരിക്കുന്നതിലൂടെ നാം ദിവസവും ഒരളവിലുള്ള തേജസ്സിൽ നിന്നും മറ്റൊരളവിലേക്ക് രൂപാന്തരപ്പെടുന്നു
- നമ്മുടെ കഷ്ടങ്ങളിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, നാം അവന്റെ ജീവനിൽ രക്ഷിക്കപ്പെടുന്നു; അത് സ്ഥലം സഭകളിൽ ആവിഷ്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ഉല്പാദനവും കെട്ടുപണിയുമാണ്; അവിടെ നാം കർത്താവിന്റെ സമ്പന്നമായ കൃപ ആസ്വദിക്കുകയും, സമാധാന ത്തിന്റെ ദൈവം തന്റെ മഹത്വകരമായ ആവിഷ്കാരത്തിനു വേണ്ടിയും അവന്റെ വിജയത്തിന്റെ പ്രദർശനത്തിനു വേണ്ടിയും സാത്താനെ നമ്മുടെ കാൽക്കീഴിൽ ചതച്ചുകളയുകയും ചെയ്യുന്നു

**റോമർ 5:1-11ൽ പൗലൊസ് ആറ് ശ്രദ്ധേയമായ വാക്കുകൾ സംസാരിക്കുന്നു: സ്നേഹം, കൃപ, സമാധാനം, പ്രത്യാശ, ജീവൻ, തേജസ്സ്.**

1. **ദൈവത്തിന്റെ സ്നേഹം, പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു (വാ. 5).**
   *വാ. 5 ...എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു.*
2. **നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് പ്രവേശനം ഉണ്ട് (വാ. 2).**
   *വാ. 2 നാം നിൽക്കുന്ന ഈ കൃപയിലേക്ക്, അവനിലൂടെ വിശ്വാസത്താൽ പ്രവേശനം നേടിയിരിക്കുകയും...*
3. **നാം വിശ്വാസത്തിൽനിന്ന് നീതീകരിക്കപ്പെട്ടിരിക്കുന്നതിനാൽ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് (വാ. 1).**
   *വാ. 1 അതുകൊണ്ട് വിശ്വാസത്തിൽ നിന്ന് നീതീകരിക്കപ്പെട്ടിട്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്,*
4. **ഇതിനെത്തുടർന്ന്, പ്രത്യാശ നിമിത്തം നാം പ്രശംസിക്കുന്നു, ഉല്ലസിക്കുന്നു, മഹത്വപ്പെടുന്നു (വാ. 2).**
   *വാ. 2 ... ദൈവതേജസ്സിന്റെ പ്രത്യാശ നിമിത്തം പ്രശംസിക്കുകയും ചെയ്യുന്നു.*
5. **നാം അവന്റെ ജീവനിൽ രക്ഷിക്കപ്പെടുമെന്ന് വാക്യം 10 നമ്മോടു പറയുന്നു.**
   *വാ. 10 ...നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,*
6. **ഒടുവിൽ, ദൈവത്തിന്റെ തേജസ്സിന്റെ പങ്ക് നാം പ്രതീക്ഷിക്കുന്നു (വാ. 2).**
   *വാ. 2 ...ദൈവതേജസ്സിന്റെ...*

ഈ ആറ് കാര്യങ്ങളും ദൈവത്തിന്റെ നീതീകരണത്തിന്റെ ഫലമാണ്. നിങ്ങൾക്ക് ദൈവത്തിന്റെ സ്നേഹവും കൃപയും വേണമോ? നിങ്ങൾ സമാധാനവും പ്രത്യാശയും ആഗ്രഹിക്കുന്നുവോ? ദൈവത്തിന്റെ ദിവ്യവും നിത്യവുമായ ജീവനിൽ പങ്കുകൊള്ളുവാനും അവന്റെ തേജസ്സിൽ ആയിരിക്കുവാനും നിങ്ങൾ ആഗ്രഹിക്കുന്നുവോ? ഈ കാര്യങ്ങൾക്കെല്ലാം നിങ്ങൾക്ക് നീതീകരണം ആവശ്യമാണ്. അവയെല്ലാം ദൈവത്തിന്റെ നീതീകരണത്തിന്റെ ഫലമെന്ന നിലയിൽ നമ്മുടെ ഓഹരിയാണ്.

**ഈ ആറ് പ്രധാന വാക്കുകൾക്കൊപ്പം, നമുക്ക് മൂന്ന് അത്ഭുതകരമായ വ്യക്തികൾ ഉണ്ട്.**
വാ. 5—*പരിശുദ്ധാത്മാവ് ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു*
വാ. 6—*ക്രിസ്തു നമുക്കുവേണ്ടി മരിച്ചു*
വാ. 11—*ദൈവത്തിൽ പ്രശംസിക്കുന്നു*

ദൈവത്തിന്റെ നീതീകരണത്തിന്റെ ഫലമായി, നമുക്ക് പരിശുദ്ധാത്മാവും, ക്രിസ്തുവും, ദൈവവും നമ്മുടെ ആസ്വാദനമായ് ഉണ്ട്

നീതീകരണം നമ്മെ ആസ്വാദനത്തിന്റെ മണ്ഡലത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ഈ മണ്ഡലത്തിൽ നാം കൃപയിൽ നിൽക്കുകയും, സമാധാനത്തിൽ നടക്കുകയും, പ്രത്യാശയിൽ കഷ്ടം സഹിക്കുകയും, നമ്മുടെ കഷ്ടതകളിൽ ദൈവത്തെ ആസ്വദിക്കുകയും ചെയ്യുന്നു. നാം കഷ്ടം സഹിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ, അവന്റെ ജീവനിൽ നാം രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതാണ് നീതീകരണത്തിന്റെ ഫലം.

**ജീവ രേഖയിൽ തങ്ങിക്കൊണ്ട് ജീവനിൽ രക്ഷിക്കപ്പെടുവാനുള്ള മാർഗം—ദൈവത്തിൽ പ്രശംസിക്കുകയും ഉല്ലസിക്കുകയും ആസ്വദിക്കുകയും ചെയ്യുക**

റോമ. 5:3 ...കഷ്ടത സഹിഷ്ണുതയെയും,
റോമ. 5:4 സഹിഷ്ണുത അംഗീകാര്യതയെയും; അംഗീകാര്യത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞുകൊണ്ട്, ഞങ്ങൾ ഞങ്ങളുടെ കഷ്ടതകളിൽ പ്രശംസിക്കുന്നു;

- കഷ്ടത
  നമ്മുടെ സ്വാഭാവികമായ ആളത്തം വിശുദ്ധീകരിക്കപ്പെടുകയും, രൂപാന്തരപ്പെടുകയും, അനുരൂപപ്പെടുകയും ചെയ്യേണ്ടതുണ്ട്. അതിനാൽ, നമ്മുടെ നന്മയ്ക്കായി ദൈവം ചില കഷ്ടതകളും കഷ്ടപ്പാടുകളും കൊണ്ടുവരുന്നു. ഇത് റോമർ 8:28-29-ൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു; നാം അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ വേണ്ടി സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കുന്നു എന്ന് അവിടെ നമ്മോട് പറയുന്നു. ആകയാൽ, കഷ്ടതയും കഷ്ടപ്പാടും നമ്മുടെ രൂപാന്തരണത്തിനായുള്ളതാണ്.

- സഹിഷ്ണുത
  കഷ്ടതയുടെ അനുഭവം സഹിഷ്ണുതയെ (വാ. 3) ഉളവാക്കുന്നു. സഹിഷ്ണുത ക്ഷമയെക്കാൾ അധികമാണ്; അത് ക്ഷമയും കഷ്ടപ്പാടും ചേർന്നുള്ളതിന്റെ ഫലമാണ്. നമ്മിൽ ആരും സഹിഷ്ണുതയോടെ ജനിച്ചവരല്ല; അത് കഷ്ടതയുടെ കഷ്ടാനുഭവത്താൽ ഉളവാക്കപ്പെടുന്നതാണ്. അതിനാൽ, കഷ്ടത സഹിഷ്ണുതയെ ഉളവാക്കുന്നു എന്ന് പൗലൊസ് പറയുന്നു.

- അംഗീകാര്യത
  സഹിഷ്ണുത അംഗീകാര്യതയെ (വാ. 4) ഉളവാക്കുന്നു. കഷ്ടതയുടെയും ശോധനയുടെയും സഹിഷ്ണുതയിൽ നിന്നും ഉളവാകുന്ന ഒരു അംഗീകാര്യ ഗുണമാണ് അംഗീകാര്യത. നിങ്ങൾ കഷ്ടം സഹിക്കുംതോറും, നിങ്ങൾക്ക് സഹിഷ്ണുത വർധിക്കുകയും, അംഗീകാര്യത എന്ന നന്മ കൂടുതലായി ഉളവാകുകയും ചെയ്യും. അംഗീകാര്യത നമ്മുടെ സ്വാഭാവിക ജനനത്താൽ നമുക്കുണ്ടാകുന്ന ഒരു സദ്ഗുണമല്ല. ശുദ്ധീകരിക്കാത്ത സ്വർണ്ണം യഥാർത്ഥ സ്വർണ്ണമാണെങ്കിലും, അത് ശുദ്ധീകരിക്കാത്തതും ആകർഷകമല്ലാത്തതുമാണ്. അതിന് ശുദ്ധീകരിക്കുന്ന തീ ആവശ്യമാണ്.

- പ്രത്യാശ
  ഈ അംഗീകാര്യതയോടുകൂടെ നമുക്ക് പ്രത്യാശയുണ്ട് (വാ. 4). എന്താണ് ഈ പ്രത്യാശ? ഒരുനാൾ നാം എല്ലാവരും ദൈവത്തിന്റെ തേജസ്സിലേക്ക് കൊണ്ടുവരപ്പെടും എന്ന പ്രത്യാശയാണത് (വാ. 2). നാം കൃപയിൽ നിൽക്കുകയും സമാധാനത്തിൽ നടക്കുകയും ചെയ്യുന്നുവെങ്കിലും, നാം ഇതുവരെ തേജസ്സിലായിട്ടില്ല. എന്നാൽ നാം തേജസ്സിലേക്ക് കൊണ്ടുവരപ്പെടുന്ന ഒരു ദിവസം വരുന്നു.